**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1457** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ സ്ത്രീകളും കുട്ടികളും നിരന്തരം പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ സ്ത്രീകൾ നിരന്തരം പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഇല്ല. സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പദ്ധതിയാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021. പദ്ധതി 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക്പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാസംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ഈ പദ്ധതിവഴി നൽകും. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. സ്ത്രീധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടക്കുന്ന വിവിധ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി |

| | | | |
|---|---|---|---|
| | | | ശ്രീമതി ആർ.നിശാന്തിനി IPS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ട് പോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് "നിഴൽ”. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായം എത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന-തലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോട് കൂടി ജില്ലകളിലും വനിതാസെൽ ഉണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാപോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷന് ഉള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനും നൽകിയിരിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനും Child Pornography - ക്കുമെതിരെ യാതൊരു ദാക്ഷണ്യവും കൂടാതെ നടപടികൾ സ്വീകരിക്കുകയും കേസുകളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു Counter Child Sexual Exploitation Centre (CCSE) സ്ഥാപിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ ഏജൻസികളായ ICMEC, Interpol, NECMEC, NCRB എന്നിവയുമായി പ്രസ്തുത കേന്ദ്രം സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്റർ മുഖേന കുട്ടികളെ Online-ൽ ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി പിടികൂടി നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ഇരയായ കുട്ടികളെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിയും. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് Project Children and Police (CAP) എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | കോഴിക്കോട് ചേവായൂരിൽ മാനസിക വെല്ലുവിളി നേരിടുന്ന യുവതി പീഡനത്തിനിരയായ സംഭവത്തിൽ എന്തൊക്കെ തുടർനടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്; | (ബി) | കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ Cr.No. 21/409 u/s 376 (2) (1), 376 (D) IPC ആയി റിപ്പോർട്ട് ചെയ്തതായ കേസ് സംഭവ സ്ഥലം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ആയതിനാൽ ഈ കേസ് അവിടേക്ക് ട്രാൻസ്ഫർ |

| | | | |
|---|---|---|---|
| | | | ചെയ്യുകയും, ആയത് മെഡിക്കൽ കോളേജ് Cr.No. 21/395 u/s 376 (2) (1), 376 (D) IPC ആയി റീ രജിസ്റ്റർ ചെയ്ത് കേസിലുൾപ്പെട്ട രണ്ടു പ്രതികളെ കേസ് റിപ്പോർട്ട് ചെയ്ത ഉടനെ തന്നെ അറസ്റ്റ് ചെയ്യുകയും, പരമാവധി തെളിവുകൾ ശേഖരിക്കുകയും, പ്രതികളുടെ CDR പരിശോധിച്ച് സംഭവ ദിവസം സംഭവ സ്ഥലത്തു പ്രതികളുടെ സാന്നിധ്യം ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. കേസിലുൾപ്പെട്ട ബസ്സും, പ്രതികൾ ഇരയായ യുവതിയെ കയറ്റിക്കൊണ്ടു പോകുവാൻ ഉപയോഗിച്ച മോട്ടോർ സൈക്കിളും ബന്തവസ്സിലെടുത്തിട്ടുണ്ട്. |
| (സി) | ഈ സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിന് പോലീസിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) | കേസിലുൾപ്പെട്ട മൂന്നു പ്രതികളിൽ ഒന്നും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി സംഭവം നടന്ന ഉടനെ ഒളിവിൽ പോയിട്ടുള്ളതുമാണ്. ഇയാളെ അറസ്റ്റ് ചെയ്യുന്നതിനായി ACP മെഡിക്കൽ കോളേജിന്റെ ചുമതലയിലുള്ള അന്വേഷണ സംഘം ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. പ്രതിയെപ്പറ്റി വിവരം ലഭിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്രൈം കാർഡ് അയച്ചിട്ടുണ്ട്. എല്ലാ പത്രമാധ്യമങ്ങളിലും പ്രതിയുടെ ഫോട്ടോ സഹിതം Look Out Notice കൊടുത്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ